ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അസമിൽ നിർവഹിക്കും.
   **Prime Minister Narendra Modi to release 22nd installment of PM Kisan scheme from Guwahati in Assam tomorrow.**

2. ഇന്ത്യയുടെ ക്രൂഡ് ഓയിൽ ലഭ്യത സുരക്ഷിത നിലയിലെന്ന് രാജ്യത്തെ ഊർജ്ജ സാഹചര്യം ലോക്സഭയിൽ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നതായും കേന്ദ്രമന്ത്രി.
   **Union Petroleum and Natural Gas Minister Hardeep Singh Puri today made a statement in the Lok Sabha on the steps taken by the government in response to the disruption to the global energy supply arising from the ongoing conflict in West Asia. He stressed that the country's crude oil position is secured.**

3. രാജ്യത്ത് ഇന്ധന വിതരണം തടസ്സമില്ലാതെ തുടരുമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. പെട്രോൾ പമ്പുകളിൽ അനാവശ്യമായ തിരക്ക് ഒഴിവാക്കണമെന്നും അഭ്യർത്ഥന.
   **Indian Oil Corporation Limited has assured that fuel supply across the country remains uninterrupted. It also appealed to the public to avoid unnecessary rush at petrol pump.**

4. പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിന് മൂന്ന് നിബന്ധനകൾ മുന്നോട്ട് വച്ച് ഇറാൻ. ബസ്രയ്ക്ക് സമീപം അമേരിക്കൻ എണ്ണ കപ്പലിന് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെട്ടു.

**As the West Asia conflict moves towards the third week, Iran has set three conditions for ending the war. An Indian crew member was killed in an attack by Iran on a US-owned crude oil tanker near Basra in Iraq.**

5. തമിഴ്നാട് ഗവർണറുടെ അധിക ചുമതല ഏറ്റെടുത്ത് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

**Rajendra Vishwanath Arlekar has assumed additional charge as the Governor of Tamil Nadu.**

6. ആഗോള വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ ഇന്ന് ആറ് ശതമാനത്തിലധികം വർദ്ധന. രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.

**Crude oil prices in the global market rose by more than six percent today. Stock markets in the country closed with losses.**

☸☸☸☸☸☸☸☸☸☸☸☸☸

## PM ASSAM

പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ആം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അസമിലെ ഗുവാഹട്ടിയിൽ നിർവഹിക്കും. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപ കൈമാറും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ അസമിലെത്തുന്ന പ്രധാനമന്ത്രി, കൊക്രജാറിൽ റെയിൽവേ കോച്ച് റിപ്പയറിംഗ് ഫാക്ടറിയുടെ ശിലാസ്ഥാപവും, മൂന്ന് പുതിയ റെയിൽവേ സർവീസുകളുടെ ഉദ്ഘാടനവും നിർവഹിക്കും. ഗുവാഹത്തിയിൽ വൈകുന്നേരം നടക്കുന്ന ചടങ്ങിൽ കോപിലി

ജലവൈദ്യുത പദ്ധതി പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. 10,000 കോടി രൂപയുടെ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. സിൽചാറിൽ മറ്റന്നാൾ 24,205 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. തുടർന്ന് പശ്ചിമ ബംഗാളിലെത്തുന്ന ശ്രീ മോദി 18,680 കോടി രൂപയുടെ പദ്ധതികൾക്ക് മറ്റന്നാൾ കൊൽക്കത്തയിൽ തുടക്കം കുറിക്കും.

*********************************

## HARDEEP- PETROLEUM (INTRO)

ഇന്ത്യയുടെ ക്രൂഡ് ഓയിൽ ലഭ്യത സുരക്ഷിത നിലയിലെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, വിമാന ഇന്ധനം, എന്നിവക്ക് രാജ്യത്ത് ക്ഷാമമില്ലെന്നും രാജ്യത്തെ ഊർജ്ജ സംബന്ധമായ സാഹചര്യം ലോക്സഭയിൽ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. റിഫൈനറികൾ പൂർണ്ണ ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ഇന്ധന വിതരണം ഉറപ്പാക്കുന്നതിനായി, ഇറക്കുമതി കൂടുതൽ രാജ്യങ്ങളിലേക്ക് വൈവിധ്യവത്കരിച്ചു. റിഫൈനറികൾക്ക് നൽകിയ നിർദേശത്തിന്റെ ഫലമായി ആഭ്യന്തര എൽപിജി ഉത്പാദനം 28 ശതമാനം വർദ്ധിപ്പിച്ചു. 33 കോടി കുടുംബങ്ങൾക്ക് തടസ്സമില്ലാതെ പാചകവാതകം നൽകുകയാണ് സർക്കാരിന്റെ മുൻഗണനയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

*********************************

## OM BIRLA (INTRO)

എൽപിജി പ്രതിസന്ധി ഉൾപ്പെടെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷം പ്രതിഷേധം തുടർന്നു. സ്പീക്കർ ഓം ബിർളയാണ് ലോക്സഭയിൽ നടപടിക്രമങ്ങൾ നിയന്ത്രിച്ചിരുന്നത്. സ്പീക്കറെ തത്സ്ഥാനത്ത് നിന്ന്

പുറത്താക്കണമെന്ന് ആവശ്യപ്പെടുന്ന പ്രതിപക്ഷ പ്രമേയം ഇന്നലെ സഭ തള്ളിയിരുന്നു. സഭാനടപടികൾ നിഷ്പക്ഷമായും, അച്ചടക്കത്തോടെയും മുന്നോട്ട് കൊണ്ടുപോകാൻ താൻ ഇത് വരെ ശ്രമിച്ചതെന്ന് ശ്രീ ഓം ബിർള വ്യക്തമാക്കി. ചട്ടങ്ങളും, നടപടിക്രമങ്ങളും പാലിച്ച് മാത്രമേ ഭരണപക്ഷ-പ്രതിപക്ഷ നേതാക്കൾക്ക് സഭയിൽ സംസാരിക്കാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ച ലോക്സഭയിൽ ഇന്ന് ആരംഭിച്ചു. രാജ്യത്ത് എൽപിജി സിലിണ്ടറുകളുടെ ക്ഷാമം റിപ്പോർട്ട് ചെയ്യപ്പെടുന്നതായി പ്രതിപക്ഷ എംപിമാർ ചർച്ചയിൽ ചൂണ്ടിക്കാട്ടി. രാജ്യസഭയിൽ ഗ്രാമ വികസന മന്ത്രാലയത്തിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ചകളാണ് ഇന്ന് നടന്നത്. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

********************************

## MEA BRIEFING (INTRO)

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ഇറാനിയൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരഘ്ചിയുമായി സമീപ ദിവസങ്ങളിൽ മൂന്ന് തവണ സംഭാഷണം നടത്തിയാതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. ഷിപ്പിംഗ്, ഊർജ്ജസുരക്ഷ എന്നീ വിഷയങ്ങൾ ചർച്ചയായി. മേഖലയിൽ സമാധാനം എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിന്, സംഭാഷണത്തിന്റെയും നയതന്ത്രത്തിന്റെയും ആവശ്യകത ഗൾഫ് മേഖലയിലെ നിരവധി നേതാക്കളോട് പ്രധാനമന്ത്രി നരേന്ദ്രമോദി അടിവരയിട്ടതായും വിദേശകാര്യ വക്താവ് പറഞ്ഞു. ഇറാനിൽ ഒമ്പതിനായിരത്തോളം ഇന്ത്യൻ

പൗരന്മാരുണ്ടെന്നും, സുരക്ഷിത കേന്ദ്രങ്ങളിലേക്ക് അവരെ മാറ്റിയിട്ടുണ്ടെന്നും രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

********************************

## INDIAN OIL- ASSURANCE

രാജ്യത്ത് ഇന്ധന വിതരണം തടസ്സമില്ലാതെ തുടരുമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. പെട്രോൾ, ഡീസൽ, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുണ്ട്. തെറ്റായ പ്രചാരണങ്ങൾ തള്ളിക്കളയണമെന്നും, പെട്രോൾ പമ്പുകളിൽ അനാവശ്യമായ തിരക്ക് ഒഴിവാക്കണമെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അഭ്യർത്ഥിച്ചു.

********************************

## IRAN - CONDITIONS

പശ്ചിമേഷ്യൻ സംഘർഷം മൂന്നാം വാരത്തിലേക്ക് കടക്കവേ യുദ്ധം അവസാനിപ്പിക്കുന്നതിന് മൂന്ന് നിബന്ധനകൾ മുന്നോട്ട് വച്ച് ഇറാൻ. രാജ്യമെന്ന നിലയ്ക്കുള്ള അവകാശങ്ങൾ അംഗീകരിക്കുക, യുദ്ധക്കെടുതികൾക്ക് നഷ്ടപരിഹാരം നൽകുക, ഭാവിയിൽ ആക്രമണം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് നിബന്ധനകൾ. ഇവ അമേരിക്കയും ഇസ്രയേലും അംഗീകരിക്കാൻ തയ്യാറായാൽ സംഘർഷം അവസാനിപ്പിക്കാമെന്ന് ഇറാൻ പ്രസിഡന്റ് മസൗദ് പെസഷ്കിയാൻ അറിയിച്ചു.

********************************

## OIL TANKER ATTACK

ഇറാഖിലെ ബസ്രയ്ക്ക് സമീപം അമേരിക്കൻ ഉടമസ്ഥയിലുള്ള എണ്ണ കപ്പലിന് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെട്ടു. മാർഷൽ ഐലൻഡ്സ് പതാക വഹിച്ച 'സേഫ്സീ വിഷ്ണു' എന്ന കപ്പലിന് നേരെയാണ് ആക്രമണമുണ്ടായത്. കപ്പലിലെ 15 ഇന്ത്യൻ ജീവനക്കാരെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിയതായി ഇറാഖിലെ ഇന്ത്യൻ എംബസി അറിയിച്ചു. അതേസമയം ക്രൂഡ് ഓയിലുമായി ഒരു എണ്ണക്കപ്പൽ ഹോർമുസ് കടലിടുക്ക് കടന്ന് ഇന്നലെ മുംബൈയിലെത്തി. പശ്ചിമേഷ്യൻ സംഘർഷങ്ങൾ ആരംഭിച്ച ശേഷം ഹോർമുസ് വഴി ഇന്ത്യയിലേക്കുള്ള ആദ്യ കപ്പലായിരുന്നു ഇത്.

********************************

## TN - GOVERNOR

തമിഴ്നാട് ഗവർണറുടെ അധിക ചുമതല ഏറ്റെടുത്ത് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ചെന്നൈ ലോക്ഭവനിൽ നടന്ന ചടങ്ങിൽ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും, മന്ത്രിമാരും ഉൾപ്പെടെ ചടങ്ങിൽ പങ്കെടുത്തു. നാഗാലാൻഡ് ഗവർണറായി നന്ദ കിഷോർ യാദവ് നാളെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കും.

********************************

## FSSAI-MILK ADVISORY

ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്ത പാൽ ഉൽപ്പാദകർക്കും വിൽപനക്കാർക്കും, ഭക്ഷ്യസംബന്ധമായ വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് രജിസ്ട്രേഷനോ, ലൈസൻസോ നിർബന്ധമാക്കി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ. പലരും ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെയാണ്

പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടിയെന്ന് FSSAI അറിയിച്ചു. സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ ഉണ്ടെന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.

********************************

## SPORTS-PROTOCOL

ഇന്ത്യൻ കായികതാരങ്ങളുടെ കായികക്ഷമത കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനായി ഓരോ കായിക ഇനത്തിനും പ്രത്യേകമായ പ്രോട്ടോക്കോളുകൾ തയ്യാറാക്കണമെന്ന് കായികമന്ത്രാലയം. ദേശീയ കായിക ഗവേഷണകേന്ദ്രത്തിനാണ് മന്ത്രാലയം ഇത് സംബന്ധിച്ച നിർദേശം നൽകിയത്.

********************************

## CPI- FEBRUARY

രാജ്യത്തെ ചില്ലറ വിലക്കയറ്റം ഫെബ്രുവരിയിൽ 3.21 ശതമാനമായി ഉയർന്നു. റിസർവ് ബാങ്കിന്റെ അനുവദനീയ പരിധിക്കുള്ളിൽ തന്നെയാണിതെന്ന് സ്ഥിതിവിവര മന്ത്രാലയം അറിയിച്ചു.

********************************

## CRUDE OIL

പശ്ചിമേഷ്യയിലെ സംഘർഷം നീണ്ടുനിൽക്കുമെന്ന ആശങ്കയെത്തുടർന്ന് ആഗോള വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ ഇന്ന് ആറ് ശതമാനത്തിലധികം വർദ്ധന. ബ്രെന്റ് ക്രൂഡിന് വില ആറര ശതമാനം വർദ്ധിച്ച് ബാരലിന് 97 ഡോളറിലും, ഡബ്ല്യു.ടി.ഐ ക്രൂഡിന് 92 ഡോളറിലുമാണ് വ്യാപാരം നടക്കുന്നത്.

********************************

## STOCK+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസക്സ് 829 പോയിന്റ് നഷ്ടത്തിൽ 76,034-ലും നിഫ്റ്റി 227 പോയിന്റ് താഴ്ന്ന് 23,639-ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. പവന് 800 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 18,960 രൂപയും ഗ്രാമിന് 14,870 രൂപയുമാണ് ഇന്നത്തെ വില.

********************************

## TEMPERATURE

സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിൽ 36 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം

********************************

## SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന

വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

*

******************

*******************************************